# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5183 — 30.06.2014-ൽ മറുപടിയ്ക്ക്

**കണ്ടൽ വനങ്ങൾവെച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കണ്ടൽ വനങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | എ) കണ്ടൽ വനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് നിലവിലുള്ള കണ്ടലുകളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും അവ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക, കണ്ടൽ സംരക്ഷിച്ച് നിലനിർത്താൻ താല്പര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന മാർഗരേഖയുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000/ രൂപ പാരിതോഷികമായി നൽകുക, കണ്ടൽ വനങ്ങൾ വച്ച പിടിപ്പിക്കുന്നതിനും സ്വാഭാവിക പുന:രുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുകയും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടലുകളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങളാണ് വനം വകുപ്പ് കണ്ടൽ കാടുകളുടെ സംരക്ഷണ പദ്ധതിയിൽ നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| ബി) | കണ്ടൽ വനങ്ങൾ നിലനിന്ന സ്ഥലങ്ങളിൽ ആരംഭിച്ച റിസോർട്ടുകൾ, പാർക്കുകൾ എന്നിവക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | ബി) | കണ്ടൽ വനങ്ങൾ നിലനിന്ന സ്ഥലങ്ങളിൽ റിസോർട്ടുകൾ, പാർക്കുകൾ എന്നിവ ആരംഭിച്ചതിനെതിരെ വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ തളിപ്പറമ്പ് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന സ്വകാര്യ സ്ഥലത്തെ കണ്ടൽ വനപ്രദേശത്ത് തീരദേശ നിയമപ്രകാരം ഒരു കണ്ടൽ പാർക്ക് ജില്ലാ കളക്ടർ ഇടപെട്ട് അടച്ചുപൂട്ടിയതായി അറിവുണ്ട്. ഇടക്കൊച്ചി ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കണ്ടൽക്കാടുകൾ വെട്ടിനശിപ്പിച്ചവർക്കെതിരെ ഒ.ആർ.25/2009, ഒ.ആർ 28/10 എന്നീ കേസുകൾ മലയാറ്റൂർ ഡിവിഷനിൽ നിലവിലുണ്ട്. |
| സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കണ്ടൽ വനപ്രദേശങ്ങൾ നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;എങ്കിൽ വിശദാംശങ്ങൾ നല്കാമോ ? | സി) | കണ്ടൽ വനങ്ങൾ നികത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പ് നാളിതുവരെ യാതൊരുവിധ അനുവാദവും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ